പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 244 02.03.2020 -ൽ മറുപടിക്ക്

108 ആംബുലൻസ്

ചോദ്യം

ശ്രീ.പി.വി.അൻവർ

മറുപടി

കെ.കെ. ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി)

| | |
|---|---|
| മലപ്പുറം ജില്ലയിലെ 95 ശതമാനം ആദിവാസി വിഭാഗത്തിൽപെട്ട ജനങ്ങളും താമസിക്കുന്ന നിലമ്പൂർ മണ്ഡലത്തിലെ ആദിവാസികൾക്ക് പ്രയോജനപ്പെടുത്തുന്നതിനായി മൂത്തേടം , കരുളായി എന്നീ പി.എച്ച്.സി കൾക്ക് 108 ആംബുലൻസ് അനുവദിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ ? | മലപ്പുറം ജില്ലയിലെ നിലമ്പൂർ മണ്ഡലത്തിലെ ആദിവാസികൾക്ക് പ്രയോജനപ്പെടുത്തുന്നതിനായി നിലവിൽ നിലമ്പൂർ താലൂക്ക് ഹോസ്പിറ്റലിൽ 24 മണിക്കൂറും, പോത്തുകാൽ പ്രൈമറി ഹെൽത്ത് സെന്ററിൽ 12 മണിക്കൂറും പ്രവർത്തനം നടത്തുന്ന ആംബുലൻസുകൾ അനുവദിച്ചിട്ടുണ്ട്.<br>108 ആംബുലൻസുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുവാൻ എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയാണ് ജില്ലയിലെ കനിവ് 108 ന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി വാഹനങ്ങളുടെ എണ്ണം, സമയക്രമം, വാഹനത്തിന്റെ പാർക്കിംഗ് ലൊക്കേഷൻ എന്നിവയെ സംബന്ധിച്ച് ശുപാർശകൾ ആരോഗ്യ വകുപ്പ് സെക്രട്ടറി ചെയർമാനായുള്ള സംസ്ഥാനതല കമ്മിറ്റിക്ക് നൽകേണ്ടത്. ജില്ലാ കമ്മിറ്റിയുടെ ശുപാർശയിന്മേൽ നടപടി സ്വീകരിക്കേണ്ടത് സംസ്ഥാന കമ്മിറ്റിയാണ്. നിലമ്പൂർ താലൂക്കിൽ കൂടുതൽ കേന്ദ്രങ്ങളിൽ 108 ആംബുലൻസ് അനുവദിക്കുന്നതിന് വേണ്ടി കനിവ് 108 ന്റെ ജില്ലാ കമ്മിറ്റി മുഖേന ശുപാർശകൾ സംസ്ഥാനതല |

| | |
|---|---|
| | കമ്മിറ്റിക്ക് ലഭിക്കുന്ന മുറയ്ക്കാണ് സംസ്ഥാനതല കമ്മിറ്റി നടപടി സ്വീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ